**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2655** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 കെ.വി സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര ഗ്രാമപ്പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിലെ ആര്യങ്കോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി, എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിലേയ്ക്കായി തുടക്കത്തിൽ 33 കെ.വി നിലവാരത്തിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സാങ്കേതിക അനുമതി ലഭിക്കുകയുണ്ടായി. എന്നാൽ തുടർ സാങ്കേതിക പഠനങ്ങളിൽ 110 കെ.വി നിലവാരത്തിലുള്ള സബ്സ്റ്റേഷൻ ആവശ്യമാണെന്ന് കണ്ടെത്തിയതിൻ പ്രകാരം വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ; | (ബി) | സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ; പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും അതിന് എത്ര ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ നടത്തി DPR തയ്യാറാക്കി വരുന്നു. DPR-നുള്ള അനുമതിയും ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ആരംഭിക്കുന്നതാണ്. ഭരണാനുമതി ലഭിച്ച് ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണത്തിനായി ഏകദേശം 32 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു |
| (ഡി) | സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ നടത്തി DPR തയ്യാറാക്കി വരുന്നു. DPR-നുള്ള അനുമതിയും ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്ന |

| | | | |
|---|---|---|---|
| | | | നടപടികൾ ആരംഭിക്കുന്നതാണ്. ഭരണാനുമതി ലഭിച്ച് ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണത്തിനായി ഏകദേശം 32 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ